Malayala Manorama
മലയാള മനോരമ



കോയമ്പത്തൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടന്ന സൈക്കിൾ റാലി.

# ഐഎഫ്ജിടിബി ലോക പരിസ്ഥിതി ദിനാചരണം

കോയമ്പത്തൂർ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനാചരണം നടന്നു. ഐഎഫ്ജിടിബി ഡയറക്ടർ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം നിർവഹിച്ചു. മാലിന്യ നിർമാർജനം ഓരോ വ്യക്തിയുടെയും കടമയാണെന്ന് അദ്ദേഹം പറഞ്ഞു. വനജനിതക ശാസ്ത്രജ്ഞനും എൻവിസ് മേധാവിയുമായ ഡോ.കണ്ണൻ വാര്യർ 'പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുക്കുക' എന്ന ഈ വർഷത്തെ വിഷയത്തിൽ പ്രഭാഷണം നടത്തി. പ്രിയ കാരണവർ എഴുതി ഡോ. കണ്ണൻ വാര്യർ സംഗീതം നൽകി ആലപിച്ച പ്രകൃതി ബോധവൽക്കരണഗാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു വേണ്ടി ചടങ്ങിൽ പ്രകാശനം ചെയ്തു. വിദ്യാർഥികൾക്കായി ബോധവൽക്കരണ പോസ്റ്ററും പുറത്തിറക്കി.

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കോയമ്പത്തൂരിന്റെ പ്രാന്ത പ്രദേശങ്ങളിലൂടെ മിഷൻ ലൈഫ് ബോധവൽക്കരണ സൈക്കിൾ റാലി നടത്തി. പൊതുജനങ്ങൾക്കായി മൊബൈൽ ഫൊട്ടോഗ്രഫി മത്സരവും സംഘടിപ്പിച്ചിരുന്നു. പങ്കെടുത്തവർക്ക് ഇ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പ്രോഗ്രാം ഓഫിസർ ഡോ.എസ്.വിഘ്നേശ്വരൻ നന്ദി രേഖപ്പെടുത്തി.

37. News in Malayala Manorama, Palakkad, 06.06.2023, Observance of World Environment Day 2023 by ICFRE-IFGTB EIACP.